# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**
**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/207/2018 2018 ഒക്ടോബർ 2

## വാർത്താക്കുറിപ്പ്

---

**ഗാന്ധിജിയുടെ 150-ാം ജന്മവാർഷികാഘോഷം**
**മഹാത്മാ ഗാന്ധി സർവകലാശാലയിൽ**
**ഒരു വർഷം നീളുന്ന പരിപാടികൾ**

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം ഒരു വർഷം നീളുന്ന വിവിധ പരിപാടികളോടെ ആഘോഷിക്കുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിച്ച ഗാന്ധിജയന്തി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തിനാകെ മാതൃകയായ ഗാന്ധിജിയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചരിത്ര ചിത്രപ്രദർശനം, സന്നദ്ധപ്രവർത്തനങ്ങൾ, ചലച്ചിത്രപ്രദർശനം എന്നിവയടക്കം ഒരു വർഷം നീളുന്ന പരിപാടികൾ നടത്തും. പ്രകൃതിയോട് കൂടുതൽ ഇണങ്ങി, ലളിതമായി ജീവിക്കണമെന്ന സന്ദേശം പകർന്നുതന്ന ജീവിതമായിരുന്നു ഗാന്ധിജിയുടേതെന്ന് അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറും സിൻഡിക്കേറ്റംഗവുമായ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജോർജ്ജ് മുല്ലക്കര മുഖ്യപ്രഭാഷണം നടത്തി. ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. രാജശ്രീ, കെ.എ. മഞ്ജുഷ, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സർവമതപ്രാർഥനയും നടന്നു.

**ചിത്രവിവരണം**

– മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിച്ച ഗാന്ധിജയന്തി ദിനാഘോഷം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

– മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിച്ച ഗാന്ധിജയന്തി ദിനാഘോഷത്തിന്റെ ഭാഗമായി ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന ഫ്രാൻസിൽനിന്നുള്ള ഒറേലിയും എലോവസും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ ബിരുദാനന്തരബിരുദ വിദ്യാർഥികളാണ് ഇരുവരും. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സമീപം.

## ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസും പ്രഭാഷണ പരമ്പരയും ഒക്ടോബർ നാലു മുതൽ

**– പ്രൊഫ. ജോനാഥൻ ഡോളിമോറിന്റെ പ്രഭാഷണം നാലിന്**

ഡോ. വി.സി. ഹാരിസിന്റെ സ്മരണാർഥം സംഘടിപ്പിക്കുന്ന വൈജ്ഞാനിക സദസും പ്രഭാഷണ പരമ്പരയും ഒക്ടോബർ നാല്, അഞ്ച് തീയതികളിൽ സർവകലാശാല ആസ്ഥാനത്തെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കും.

ഒക്ടോബർ നാലിന് രാവിലെ 11ന് 'തൃഷ്ണയും മരണവും' എന്ന വിഷയത്തിൽ നവോത്ഥാന സാഹിത്യത്തിലെ പ്രമുഖ സാമൂഹിക സൈദ്ധാന്തികനും നവചരിത്രവാദത്തിന്റെ വക്താവും ഷേക്സ്പിയർ പഠനങ്ങളിലെ അദ്വിതീയനുമായ പ്രൊഫ. ജോനാഥൻ ഡോളിമോർ പ്രഭാഷണം നടത്തും. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന പാനൽ ചർച്ചയിൽ ഡോ. പി.പി. രവീന്ദ്രൻ അധ്യക്ഷത വഹിക്കും. വൈകിട്ട് ആറിന് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന 'പുലിജന്മം' നാടകം അരങ്ങേറും.

ഒക്ടോബർ അഞ്ചിന് രാവിലെ 11ന് നടക്കുന്ന ഓപ്പൺ ഫോറത്തിൽ പ്രൊഫ. ജോനാഥൻ ഡോളിമോർ സംവദിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന പാനൽ ചർച്ചയിൽ പ്രൊഫ. റ്റി.എം. യേശുദാസൻ അധ്യക്ഷത വഹിക്കും. 3.30ന് ആലുവ യു.സി. കോളജിലെ ഇംഗ്ളീഷ് ഡിപ്പാർട്ട്മെന്റ് അവതരിപ്പിക്കുന്ന നാടകം '454- എ (നോൺ) പ്ലേ' എന്ന നാടകം അരങ്ങേറും. മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ലെറ്റേഴ്സും ചേർന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

## എം.ജി. സർവകലാശാലയുടെ സിനിമ 'സമക്ഷ'ത്തിന്റെ പോസ്റ്റർ പ്രകാശനം ചെയ്തു

**– പാട്ടുകളുടെ ഓൺലൈൻ റിലീസ് പ്രേംപ്രകാശ് നിർവഹിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച ചലച്ചിത്രം 'സമക്ഷ'ത്തിന്റെ പോസ്റ്റർ പ്രകാശനവും ചിത്രത്തിലെ പാട്ടുകളുടെ ഓൺലൈൻ റിലീസും സർവകലാശാലയിൽ നടന്നു. വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസിനു നൽകി നടനും നിർമാതാവുമായ പ്രേംപ്രകാശ് പോസ്റ്റർ പ്രകാശനം ചെയ്തു. ചിത്രത്തിലെ പാട്ടുകളുടെ ഓൺലൈൻ റിലീസും പ്രേംപ്രകാശ് നിർവഹിച്ചു. സർവകലാശാല രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ. അൻവർ അബ്ദുള്ള, ഡോ. എസ്. ഹരികുമാർ, ഡോ. ആർ. ഗിരീഷ് കുമാർ, ജി. ശ്രീകുമാർ എന്നിവർ സന്നിഹിതരായി.

അധ്യാപകരായ ഡോ. അൻവർ അബ്ദുള്ളയും ഡോ. അജു കെ. നാരായണനുമാണ് രചനയും സംവിധാനവും നിർവഹിച്ചത്. മഹാത്മാ ഗാന്ധി സർവകലാശാല ക്രിയേഷൻസിന്റെ ബാനറിൽ എം.ആർ. ഉണ്ണിയാണ് നിർമാണം നിർവഹിച്ചിരിക്കുന്നത്. ബിനു കുര്യൻ ഛായാഗ്രഹണവും എബി സാൽവിൻ തോമസ് സംഗീതവും നിർവഹിച്ചിരിക്കുന്നു. കൈലാഷ്, പ്രേംപ്രകാശ്, ഗായത്രി കൃഷ്ണ, ദിലീഷ് പോത്തൻ, പി. ബാലചന്ദ്രൻ, സിദ്ധാർഥ ശിവ, എം.ആർ. ഗോപകുമാർ, സോഹൻ സീനുലാൽ, അക്ഷര കിഷോർ എന്നിവർ മുഖ്യവേഷങ്ങളിലെത്തും. ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും സർവകലാശാലകൾ നിർമിച്ചിട്ടുണ്ടെങ്കിലും അഫിലിയേറ്റഡ് സർവകലാശാലകളുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സർവകലാശാല ഫീച്ചർഫിലിം നിർമിക്കുന്നത്.

### ചിത്രവിവരണം

– മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച ചലച്ചിത്രം 'സമക്ഷ'ത്തിന്റെ പോസ്റ്റർ വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസിനു നൽകി നടനും നിർമാതാവുമായ പ്രേംപ്രകാശ് പ്രകാശനം ചെയ്യുന്നു. സർവകലാശാല രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ. എസ്. ഹരികുമാർ, ഡോ. അൻവർ അബ്ദുള്ള, ജി. ശ്രീകുമാർ എന്നിവർ സമീപം.

– മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച ചലച്ചിത്രം 'സമക്ഷ'ത്തിലെ പാട്ടുകളുടെ ഓൺലൈൻ റിലീസ് നടനും നിർമാതാവുമായ പ്രേംപ്രകാശ് നിർവഹിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സർവകലാശാല രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ സമീപം.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ